# കേസ് അവസാനിക്കുമ്പോഴും നഷ്ടം ഹാദിയയ്ക്കാണ്

**മൃദുല ഭവാനി**

**ബിഷപ്പ്** ഫ്രാങ്കോയ്ക്കെതിരെയുള്ള കന്യാസ്ത്രീകളുടെ പ്രതിഷേധ സമരം കേരളത്തിലെ ഒട്ടുമുക്കാൽ ആക്ടിവിസ്റ്റുകളും ബുദ്ധിജീവികളും മാധ്യമങ്ങളുമെല്ലാം ഏറ്റെടുത്ത ഒരു വിഷയമായി മാറിയിരുന്നു. കന്യാസ്ത്രീകളുടെ പ്രതിഷേധത്തിന്റെ ഭാഗമായി ഒരു വലിയ ആൾക്കൂട്ടം തന്നെ ഹൈക്കോടതി ജംഗ്ഷനിലേക്ക് ഒഴുകിയെത്തി. എന്നാൽ രണ്ടുവർഷക്കാലം വീട്ടുതടങ്കലിലും മറ്റു പീഡനങ്ങൾക്കും ഇരയാകേണ്ടിവന്ന ഹാദിയയുടെ കാര്യത്തിൽ എന്തുകൊണ്ടായിരിക്കാം ഇങ്ങനെയൊരു വലിയ പ്രതിഷേധ ജനക്കൂട്ടം വൈക്കത്തോ എറണാകുളത്തോ കൂടിച്ചേരാതിരുന്നത്? ലിംഗനീതിയോടൊപ്പം വിശ്വാസങ്ങൾ സംരക്ഷിക്കപ്പെടുക എന്നതുകൂടിയായിരുന്നല്ലോ കന്യാസ്ത്രീകൾ ഉയർത്തിയ പ്രധാന മുദ്രാവാക്യം. തന്റേതായ വിശ്വാസസംരക്ഷണത്തിന് വേണ്ടി പോരാടിയ വ്യക്തിതന്നെയാണല്ലോ ഹാദിയയും. കന്യാസ്ത്രീകളുടെ വിഷയത്തിൽ പൊതുസമൂഹം പുലർത്തിയ വിശ്വാസസംരക്ഷണ നീതിബോധം ഹാദിയയുടെ കാര്യത്തിൽ ഇല്ലാതിരുന്നത് എന്തുകൊണ്ടാണ്?

സവർണ ഭരണകൂടം വർഷങ്ങളോളം വേർപിരിച്ചുനിർത്തിയ രണ്ടുപേരാണ് ഹാദിയയും ഷെഫിനും. തങ്ങളുടേതായ എല്ലാത്തരം ഇൻസ്റ്റിറ്റ്യൂഷണൽ പിന്തുണകളും സംഘപരിവാർ ശക്തികൾ ഇവരെ വേർപിരിച്ചുനിർത്താൻ ഉപയോഗിച്ചിട്ടുണ്ട്. ഇത്തരം നിയന്ത്രണങ്ങളിലും അനീതികളിലും ജീവിക്കുമ്പോഴുള്ള അസ്ഥിരതകളും അസ്വസ്ഥതകളും ഭീതിയും അനുഭവിക്കേണ്ടിവന്ന ഒരാളാണ് ഹാദിയ. സവർണസമൂഹത്തിന് പുറത്താണ് എന്നതുകൊണ്ടുതന്നെ ഹാദിയയുടെ ജീവിതം അതോടെ നിരന്തരപോരാട്ടമായി മാറുകയായിരുന്നു. ഹാദിയ കേസുകൊണ്ട് മാത്രം അവസാനിക്കുന്നതല്ല ഇത്തരം അരക്ഷിതാവസ്ഥകളുടെ കഥകൾ. ഇസ്‌ലാം മതവുമായി ഏതെങ്കിലും തരത്തിൽ ജന്മനാ അല്ലാതെ ബന്ധം പുലർത്തുന്ന യുവാക്കൾ, പ്രത്യേകിച്ച് സ്ത്രീകൾ സംഘപരിവാറിന്റെ ഇരകളാകുന്നു. അവർ ഹിന്ദുമതം ഉപേക്ഷിച്ച് ഇസ്‌ലാം സ്വീകരിച്ചവരോ മുസ്‌ലീം, ക്രിസ്ത്യൻ യുവാക്കളെ വിവാഹം ചെയ്തവരോ ആകാം. ഇത്തരത്തിലുള്ള പീഡനകേന്ദ്രങ്ങൾ അയൽസംസ്ഥാനങ്ങളുമായി നെറ്റ്‌വർക്ക് ചെയ്യപ്പെട്ട് പ്രവർത്തിക്കുന്നു എന്ന് അറിയുമ്പോഴും സ്റ്റേറ്റ് അതിനെ ഒരുതരത്തിലും നിയന്ത്രിക്കുന്നില്ല, ഹൈക്കോടതി താക്കീത് നൽകിയിട്ടുപോലും.

2013 ലാണ് ഹാദിയ ഇസ്‌ലാം മതം സ്വീകരിക്കുന്നത്. താൻ ഇസ്‌ലാം മതം സ്വീകരിക്കാനുള്ള കാരണങ്ങൾ കൃത്യമായി പറയുന്ന വീഡിയോ ആ സമയത്ത് ഹാദിയ പുറത്തുവിട്ടിരുന്നു. ഹിന്ദുമതത്തിലെ പലതരം ആചാരങ്ങൾ തന്നെ അസ്വസ്ഥപ്പെടുത്തുന്നുവെന്നും ഏകദൈവവിശ്വാസമുള്ള ഇസ്‌ലാംമത വിശ്വാസിയായി തുടരാനാണ് താൻ ഇഷ്ടപ്പെടുന്നത് എന്നുമാണ് ആ വീഡിയോയിൽ ഹാദിയ പറയുന്നത്. 2016 ൽ പോപ്പുലർഫ്രണ്ട് പ്രവർത്തകനായ ഷെഫിൻ ജഹാനെ വിവാഹം കഴിക്കുന്നതോടെയാണ് ഹാദിയ തീവ്രവാദിയെന്ന് മുദ്രകുത്തപ്പെടുന്നതും ഹാദിയയുടെ മതംമാറ്റം ചർച്ചചെയ്യാൻ തുടങ്ങുന്നതും. ഹാദിയയുടെ അച്ഛൻ നൽകിയ പരാതിയിന്മേൽ തുടർന്നായിരുന്നു ഈ അതിക്രമങ്ങളും സാമൂഹ്യവിചാരണയും പീഡനങ്ങളും എല്ലാം നടന്നത്. ഒരു വീട്ടിൽ എത്ര മതസ്ഥർക്ക് ഒരുമിച്ച് താമസിക്കാം എന്നതായിരുന്നു ഹാദിയ കേസ് ഉയർത്തിയ ഒരു പ്രധാന ചോദ്യം. ഹിന്ദു ആചാരക്രമമനുസരിച്ച് ജീവിക്കുന്ന ഒരാളുടെ വീട്ടിൽ തട്ടമിട്ട് നിസ്കരിക്കുന്ന ഒരാൾക്ക് താമസിക്കാൻ പാടില്ല എന്നാണ് മതേതര ജനാധിപത്യ ഇന്ത്യ പറഞ്ഞുവെച്ചത്. ഇസ്‌ലാമിക ചിഹ്നങ്ങൾ ശരീരത്തിൽ കൊണ്ടുനടക്കുന്ന ഒരു വ്യക്തി ഹിന്ദുത്വസെക്കുലർ മനസ്സിന് ഉണ്ടാക്കുന്ന അസ്വസ്ഥത, ഒരു ഹൈന്ദവ കുടുംബത്തിനകത്തേക്ക് ആ ശരീരത്തിന്റെ ദൃശ്യത സൂം ചെയ്യപ്പെടുമ്പോളുള്ള ആകുലത എത്ര അടിച്ചമർത്തൽ പ്രവണത ഉള്ളതായിരിക്കും! ഹാദിയ നേരിട്ട നിലനിൽപ്പിന്റേതായ പ്രശ്നങ്ങളെ ഇന്ത്യയുടെ മതേതര പൊതുബോധം എത്രത്തോളം ഉൾക്കൊണ്ടു എന്നു പരിശോധിക്കുന്നത് നല്ലതാണ്.

സ്ത്രീകൾക്ക് പുരുഷന്മാരുടെതുപോലെ മതപരിവർത്തനം എളുപ്പമായിട്ടുള്ള ഒരു സംസ്ഥാനമല്ല കേരളം. പ്രത്യേകിച്ച് ഹിന്ദുമതം ഉപേക്ഷിച്ച് ഇസ്‌ലാം മതം സ്വീകരിക്കുക എന്നത്. സംഘപരിവാറിന്റെ ഏത് ശക്തിയാലും അത്തരം മതപരിവർത്തനങ്ങൾ നിയന്ത്രിക്കപ്പെടാം. ഹോസ്റ്റലിലും വീട്ടിലും രണ്ട് വർഷക്കാലം കടുത്ത തടവ് അനുഭവിക്കേണ്ടിവന്ന ആളാണ് ഹാദിയ. വർഷങ്ങളോളം സാമൂഹ്യ ഇടപെടലുകൾ നിഷേധിക്കപ്പെട്ട മുസ്‌ലീം സ്ത്രീയാണ് ഹാദിയ. അവരുടെ ജീവിതത്തിന്റെ വളരെ നിർണ്ണായകമായൊരു കാലമാണ് നഷ്ടപ്പെട്ടത്. എൻ.ഐ.എയെ സംബന്ധിച്ച് ഒരു കേസ് തുടങ്ങാനും അവസാനിപ്പിക്കാനും വളരെ എളുപ്പമാണ്. ഹാദിയയെ സംബന്ധിച്ച് അതൊരു നികത്താനാവാത്ത നഷ്ടമാണ്. ഇതുകൊണ്ടാണ് ഭരണകൂടം ആരോടാണ് നീതിപുലർത്തുന്നത് എന്ന് വീണ്ടും വീണ്ടും ചോദിക്കേണ്ടിവരുന്നത്.

'ലവ് ജിഹാദ്' എന്നു പറഞ്ഞ് സംഘപരിവാർ സംഘടനകളും പല പ്രമുഖ മുഖ്യധാരാ മാദ്ധ്യമങ്ങളും ആഘോഷിച്ച ഹാദിയ കേസിൽ നിർബന്ധിത മതപരിവർത്തനം നടന്നതായി കണ്ടെത്താനാകാതെ ദേശീയ അന്വേഷണ ഏജൻസി അടുത്തിടെ കേസ് അവസാനിപ്പിച്ചല്ലോ. പ്രോസിക്യൂഷൻ നടപടികൾക്ക് ആവശ്യമായ ഒരു തെളിവും ഇല്ല എന്ന് കണ്ടതിനെ തുടർന്നാണ് ഹാദിയയുടേത് അടക്കം അവർ അന്വേഷണിച്ച 11 കേസുകളും എൻ.ഐ.എ അവസാനിപ്പിച്ചത്. മുമ്പും സമാനമായ രീതിയിൽ, തെളിവില്ലാത്തതിനാൽ 'ലവ് ജിഹാദ്' അന്വേഷണങ്ങൾ പോലീസിന് അവസാനിപ്പിക്കേണ്ടി വന്നിട്ടുണ്ട്. ഗൂഢലക്ഷ്യങ്ങളോടെ സംഘപരിവാർ ഉന്നയിക്കുന്ന ലവ് ജിഹാദ് ആരോപണങ്ങൾ ഇങ്ങനെ പലപ്പോഴായി പൊളിഞ്ഞുപോയിട്ടും ലവ് ജിഹാദ് ഉണ്ടെന്ന് കപട വാർത്തകൾ നിരത്തിയ മലയാള മാദ്ധ്യമങ്ങളൊന്നും ഒരു തിരത്തലിനും സന്നദ്ധമായിട്ടില്ല എന്നതാണ് അതിലേറെ കഷ്ടം. ■